# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - ടി.1429 — 15.02.2016- ലെ മറുപടിക്ക്

## സംസ്ഥാനം നടപ്പാക്കുന്ന വൻ പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ചതും ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നതും ഉൾപ്പെടെ സംസ്ഥാനം നടപ്പാക്കുന്ന വൻ പദ്ധതികൾ ഏതൊക്കെയാണ് ; | (എ) മുൻ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ചതുംഇപ്പോൾനിർമ്മാണത്തിലിരിക്കുന്നതുമായ വൻ പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1)കൊച്ചി മെട്രോ പദ്ധതി.<br>2)വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖം<br>3)കണ്ണൂർ വിമാനത്താവളത്തിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതി.<br>4)ആലപ്പുഴയിലും കൊല്ലത്തും ബൈപ്പാസുകളുടെ നിർമ്മാണം.<br>5)കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം-ഓഹരി വിതരണം ചെയ്യൽ. |
| (ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും പൂർത്തീകരിക്കുന്നതിനായി ആകെ എന്ത് തുക ചെലവ് കണക്കാക്കിയിട്ടുണ്ട് ; എസ്റ്റിമേറ്റ് തുക വർദ്ധിക്കാനിടയുണ്ടോ; വിശദമാക്കാമോ; | (ബി) വിവരം ശേഖരിച്ചു വരുന്നു. |

(സി) അടിസ്ഥാന സൗകര്യ വികസന മേഖലയിലെ വൻകിട പദ്ധതികൾക്കായി 2011-12 മുതൽ 2015-16 വരെ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര കോടി വീതമായിരുന്നു;ട്രഷറിയിൽ നിന്നും ഈ ഇനത്തിൽ ഓരോ വർഷവും ഓരോ പദ്ധതിക്കും പിൻവലിക്കപ്പെട്ട തുക എത്ര വീതം ;

(സി) വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് വകയിരുത്തിയ തുക വർഷം തിരിച്ച് ചുവടെ ചേർക്കുന്നു.

| വർഷം | വിഹിതം (കോടിയിൽ) |
|---|---|
| 2013-14 | 846.03 |
| 2014-15 | 1225.00 |
| 2015-16 | 2000.00 |
| 2016-17 | 2536.07 |

പിൻവലിക്കപ്പെട്ട തുക സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ മേല്പറഞ്ഞ പദ്ധതികളിൽ ഏതെല്ലാം പദ്ധതികളുടെ നിർമ്മാണം നൂറ് ശതമാനവും പൂർത്തിയാക്കിക്കൊണ്ട് കമ്മീഷൻ ചെയ്യാൻ കഴിയും; അതിനെല്ലാം കൂടി ആകെ എന്ത് തുക ഈ കാലയളവിൽ ചെലവഴിക്കേണ്ടതായിവരും;വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

(ഡി) വിവരം ശേഖരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.